പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 670 — 04/02/2020-ൽ മറുപടിയ്ക്ക്

## മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മൊത്തവ്യാപാര സഹകരണ സ്റ്റോറുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത്, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനായി 2009-ൽ ഇറക്കിയ 190/2009 നമ്പർ ഉത്തരവ് പുതുക്കി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും | 16.11.2009 ലെ സ.ഉ.(എം.എസ്) നമ്പർ 190/09/സഹ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ അംഗൻവാടികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മൊത്ത വ്യാപാര സ്റ്റോറുകളിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരുന്നു. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രത്തിലെ വിലയേക്കാളും കൂടിയ വിലയ്ക്ക് മറ്റു വിപണന കേന്ദ്രങ്ങളിൽ നിന്നും അംഗൻവാടികളിലേക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതായി സാമൂഹ്യ നീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അംഗീകൃത വിതരണ കേന്ദ്രത്തിൽ നിന്നും മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് സാമൂഹ്യ നീതി വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, നീതി സ്റ്റോറുകൾ, സഹകരണ സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്നും നിബന്ധനകൾ പാലിച്ചുകൊണ്ട് ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി സാമൂഹ്യ നീതി വകുപ്പ് സർക്കുലർ പരിഷ്കരിച്ചിരുന്നു. ടി നിബന്ധനകൾ നടപ്പിലാക്കി സഹകരണ സ്റ്റോറുകളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിന് സൂപ്പർവൈസർമാർ തയ്യാറാകുന്നില്ലെന്നും ആയതിനാൽ സ.ഉ.(എം.എസ്)നം.190/09/സഹ നമ്പർ സർക്കാർ ഉത്തരവ് കാലാനുസൃതമായ ഭേദഗതികളോടെ പരിഷ്കരിച്ച് പുതുക്കി നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഇത് എന്നത്തേക്ക് പുതുക്കി നൽകും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ